**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഉച്ച ഭക്ഷണ പദ്ധതി -പാചക തൊഴിലാളികളുടെ വേതനം -വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3298/2019/പൊ.വി.വ** തിയതി,തിരുവനന്തപുരം, 17/08/2019

---

പരാമർശം:-

1 5.9.2016 ലെ സ. ഉ (സാധാ ) നം2911/2016 പൊവിവ.

2 കേരള നിയമസഭയിലെ 2017 -18 ,2019 -20 ബജറ്റ് പ്രസംഗങ്ങൾ

3 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05.07.2019 ലെ എൻ.എം.( എ )2 / 24527 / 2019 / ഡിജിഇ നമ്പർ കത്ത് .

**ഉത്തരവ്**

സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്ന പാചകതൊഴിലാളികൾക്ക് വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം കുറഞ്ഞ വേതനം 400/- രൂപയായും കൂടിയ വേതനം 475/- രൂപയായും നിശ്ചയിച്ചിരുന്നു. 2017 -18 ,2019 -20 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ പാചകതൊഴിലാളികളുടെ വേതനത്തിൽ 50/- രൂപ വീതം വർദ്ധനവ് പ്രഖ്യാപിച്ചിരുന്നു. പാചക തൊഴിലാളികളുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന (3) പ്രകാരം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം സ്കൂൾ പാചക തൊഴിലാളികളുടെ കുറഞ്ഞ വേതനത്തിൽ 1.4.2017 മുതൽ 50/-രൂപയുടെയും 1.4.2019 മുതൽ മറ്റൊരു 50/- രൂപയുടെയും വർദ്ധനവ് വരുത്തി ഉത്തരവാകുന്നു. വർദ്ധിപ്പിച്ച തുക 2019 ആഗസ്റ്റ് മുതലുള്ള വേതനത്തോടൊപ്പം നൽകി തുടങ്ങുന്നതാണ്.1.4.2017 മുതൽ 31 .7 .2019 വരെ കുടിശ്ശികയായിട്ടുള്ള തുക എന്ന് നല്കുമെന്നുള്ള കാര്യം പിന്നീട് തീരുമാനിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി എസ് കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള ,തിരുവനന്തപുരം